**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3532** **08-10-2025 - ൽ മറുപടിയ്ക്ക്**

**അങ്കമാലി മണ്ഡലത്തിൽ കറുകുറ്റി മിനി സിവിൽസ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിൽ കറുകുറ്റി മിനിസിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം 23.05.2025 ലെ സി.ഇ./ബി.എൽ./പി.എൽ.2/ ഇ.കെ.എം./14331/2024 5.1.1 നമ്പർ ഫയലിൽ രണ്ട് കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ലഭ്യമാക്കി നാലു മാസം കഴിഞ്ഞിട്ടും ലാൻഡ് റവന്യൂ കമ്മീഷണർ ആയത് അംഗീകരിച്ച് ബന്ധപ്പെട്ടവർക്ക് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; നിലവിൽ പ്രസ്തുത ഫയലിന്റ സ്ഥിതി വ്യക്തമാക്കാമോ; | (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയ വസ്തു സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ കറുകുറ്റി വില്ലേജ് സ്ഥിതി ചെയ്യുന്ന ബ്ലോക്ക് 3 റീസർവ്വേ 121/18ൽ ഉൾപ്പെട്ട വസ്തു വില്ലേജ് രേഖകൾ പ്രകാകം പീച്ചനിക്കാട് കരയിൽ കൂരൻ താഴത്ത് പറമ്പിൽ തോമ വർക്കി എന്നവരുടെ പേരിൽ 590 തണ്ടപ്പേർ പ്രകാരം രേഖപ്പെടുത്തിയതായി കാണുന്നു. ടി വസ്തു പഴയ ബി.ടി ആർ സെറ്റിൽമെന്റ് രജിസ്റ്റർ, റീസർവ്വേ ബി.ടി.ആർ തണ്ടപ്പേർ എന്നിവ പ്രകാരം കൂരൻ താഴത്ത് പറമ്പിൽ തോമ വർക്കി എന്ന പേരിൽ കൊണ്ട് കിടക്കുന്നു. എന്നാൽ പഴയ ബി.ടി.ആർ, തണ്ടപ്പേർ എന്നിവയിൽ റിമാർക്സ് 'വില്ലേജ് ഓഫീസ്' എന്ന് രേഖപ്പെടുത്തി കാണുന്നു. സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 98.7 ഏക്കർ വസ്തു ഉള്ളതിൽ 12 ആർ മാത്രം വില്ലേജ് ഓഫീസ് കോമ്പൗണ്ടായി കിടക്കുന്നു. ഈ സാഹചര്യത്തിൽ ടി വസ്തു സർക്കാർ പുറമ്പോക്കായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ആലുവ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ടി വസ്തു പുറമ്പോക്കായി മാറ്റുന്ന മുറയ്ക്ക് മാത്രമേ കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുമുള്ളൂ. |
| (ബി) | ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവൃത്തിയുടെ ഫയലുകൾ പോലും വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | എ പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ